ശ്രദ്ധ ക്ഷണിക്കൽ

## (1) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2002-ലെ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ സംസ്ഥാനത്താരംഭിച്ച 'അക്ഷയ' ഇന്നൊരു ലോക മാതൃകയാണ്. ഫോബ്സ് മാഗസീൻപ്പോലും ലോകത്തെ പ്രധാനപ്പെട്ട 10 സംരംഭങ്ങളിലൊന്നായി കണ്ടെത്തിയ 'അക്ഷയ' ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കാനായി അന്ന് ആരംഭിച്ച ഇ-ലെറ്റർഷിപ്പ് പ്രോഗ്രാമിൽ നിന്ന് മാറി ഇന്ന് ഈ സംസ്ഥാനത്തെ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകളെല്ലാം അവയുടെ പങ്കാളിത്തമുള്ള ഒരു സംരംഭമായി മാറിയിരിക്കുകയാണ്. നമ്മുടെ 14 ജില്ലകളും ഇ-ഡിസ്ട്രിക്ടായി പ്രഖ്യാപിക്കുമ്പോൾ അതിന്റെ പ്രവർത്തനങ്ങളും നമ്മൾ അക്ഷയ സെന്ററുകൾ വഴിയാണ് നടത്തുന്നത്. ആധാർ, എൻ.പി.ആർ, ആർ.എസ്.ബി.വൈ തുടങ്ങിയ ശ്രമകരമായ വലിയ ദൗത്യങ്ങൾ ഇന്ന് പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ട് നിശ്ചയദാർഢ്യത്തോടുകൂടി സർക്കാരിന്റെ പിന്തുണയോടുകൂടി ഒരുകൂട്ടം സംരംഭകർ ഇന്ന് സംസ്ഥാനത്ത് വളരെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ന് കമ്പ്യൂട്ടറില്ലാത്ത ആളുകളുടെ കമ്പ്യൂട്ടറായി അക്ഷയാ സെന്ററുകൾ പ്രവർത്തിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും കമ്പ്യൂട്ടർ വാങ്ങിക്കൊണ്ട് അവരുടെ ആവശ്യങ്ങൾ

സാക്ഷാത്കരിക്കുക പ്രയാസകരമാണ്. ആ ദൗത്യമിന്ന് അക്ഷയ സെന്ററുകൾ വളരെ വിജയകരമായി ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കു കയാണ്. ഒരു ദശാബ്ദക്കാലമായി ഇവർ പ്രവർത്തിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആരും കാണാതെപ്പോയ ഒരു നിശബ്ദ വിപ്ലവം ഈ അക്ഷയ യുടെ നേതൃത്വത്തിൽ നടന്നു കഴിഞ്ഞു. അതിന്റെ പ്രവർത്തനം ഒരു പ്രധാന പ്പെട്ട വിജയത്തിന്റെ ഘട്ടത്തിലെത്തുമ്പോൾ ഈ അക്ഷയ സംരംഭകർക്ക് ഇപ്പോഴും വളരെ പരിമിതമായ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്. പരിമിത മായ വേതനമാണ് അവർ നൽകുന്ന സേവനത്തിന് ലഭിക്കുന്നത്. അതു കൊണ്ട് ഈ അക്ഷയ സെന്ററുകളെ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള നടപടി കൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം, അവർ നൽകുന്ന സേവന ങ്ങൾക്ക് കുറച്ചുകൂടി മെച്ചപ്പെട്ട പ്രതിഫലം നൽകുവാൻ ഈ സർക്കാർ തയ്യാ റാകണം. അതോടൊപ്പം ഈ ഗവൺമെന്റ് കൊണ്ടുവന്ന കരാർ, ഇന്നലെ അങ്ങ് ഒരു സബ്മിഷന് മറുപടിയായി അക്കാര്യത്തിനുള്ള പ്രധാനപ്പെട്ട ആശ ങ്കകൾക്കെല്ലാം പരിഹാരം കാണാനുള്ള മറുപടി അങ്ങയുടെ ഭാഗത്തുനിന്നു ണ്ടായതിൽ വളരെ ആശ്വാസമുണ്ട്. ഒരു വർഷത്തേയ്ക്കാണ് കരാർ. ഒരു വർഷം കൂടുമ്പോൾ കരാർ വയ്ക്കുന്നത് ഒഴിവാക്കി അഞ്ച് വർഷത്തേയ്ക്ക് കരാർ എന്നുള്ള കാര്യത്തിലൊരു തീരുമാനമെടുക്കണം. അതുപോലെതന്നെ സി.എസ്സ്.സി.യുടെ നിബന്ധനകൾക്ക് അകത്തുനിന്നുകൊണ്ട് ഇപ്പോൾ പ്രവർത്തിക്കുന്ന ഈ സംരംഭങ്ങൾ 400 സ്ക്വയർ ഫീറ്റിലേക്ക് മാറണമെ ന്നൊക്കെ പറയുമ്പോൾ ഒന്നാമത് വലിയ ആനുകൂല്യങ്ങളൊന്നും കൊടുക്കാ തെതന്നെ അവരുടെ സ്വയം സംരംഭകത്വത്തിലേയ്ക്കാണ് പലപ്പോഴും ഈ സ്ഥാപനങ്ങളെല്ലാം സ്ഥാപിച്ചിട്ടുള്ളത്. അപ്പോൾ അവിടെ ഈ 150 സ്ക്വയർ

ഫീറ്റിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ പുതിയ എഗ്രിമെന്റിലും ആ രൂപത്തിൽതന്നെ നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യമുണ്ടാകണം. ഒരു കുടുംബത്തിൽ ഒരാൾക്ക് അക്ഷയ മതി, പക്ഷെ, ഒരു അക്ഷയ എന്റർപ്രേണറെ വേറെ ഒരാൾ വിവാഹം കഴിച്ചുകഴിഞ്ഞാൽ വിവാഹം കഴിച്ചുവരുന്ന സ്ത്രീ ഈ അക്ഷയാ സ്ഥാപനം നിർത്തിപ്പോകണമെന്ന രൂപത്തിലേയ്ക്കുള്ള പ്രശ്നങ്ങളൊക്കെ ഈ എഗ്രിമെന്റിനകത്ത് ഉൾക്കൊണ്ടിട്ടുണ്ട്. അതുകൊണ്ട് ആ പ്രശ്നങ്ങൾ കൂടി പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. 2000 കുടുംബങ്ങൾക്ക് ഒരു അക്ഷയ എന്നുള്ളത് ആ രൂപത്തിൽ നിലനിർത്തണം. കൂടുതൽ അക്ഷയ സെന്ററുകൾ വരുന്നത് നിലനിൽക്കുന്ന സെന്ററുകൾതന്നെ പൂട്ടിപ്പോകുന്നതിന് സാഹചര്യമുണ്ടാകും. നഷ്ടത്തിൽ പ്രവർത്തിക്കുന്നവർക്ക് ലൊക്കേഷൻ ചെയ്ഞ്ച് ചെയ്യാനുള്ള ഒരവസരം ഈ അക്ഷയ സെന്ററുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകണം. ഒരു കാര്യം കൂടി, കുറച്ചുകൂടി ജനാധിപത്യപരമായ ഒരു സമീപനം സംരംഭകരോട് ഉണ്ടാകണം. കാരണം കരാർ ഒപ്പിടുന്ന കാര്യത്തിൽതന്നെ ഒരു മാസത്തിനുള്ളിൽ ഒപ്പിടണം എന്ന നിബന്ധനയാണ്. അവരുടെ മേൽ സമ്മർദ്ദമാണ് – ഒപ്പിട്ടില്ലായെങ്കിൽ നിങ്ങളെ പുറത്താക്കികളയും, പിരിച്ചുവിട്ടു കളയും, ഇവർക്ക് ഈ എഗ്രിമെന്റ് ഒന്ന് മനസ്സിലാക്കാൻ പോലുമുള്ള സമയം കിട്ടാതെ ഒപ്പിടണമെന്ന രൂപത്തിലുള്ള ഒരു സമ്മർദ്ദം ഒരു കാരണവശാലും ഇവരുടെ മേൽ അടിച്ചേൽപ്പിക്കാൻ പാടില്ല. ചില സ്ഥലങ്ങളിലെങ്കിലും ജില്ലാ ഓഫീസിലുള്ള ചിലരിൽ നിന്ന് ഈ സംരംഭകരോട് വളരെ മോശമായ പെരുമാറ്റം ഉണ്ടാകുന്നുണ്ട്. എല്ലാ ഉദ്യോഗസ്ഥന്മാരും ഒരുപോലെയല്ല. നല്ല ആളുകളുണ്ടാകും, മോശപ്പെട്ട ആളുകളുണ്ടാകും, അധികാരം മോശമായ രൂപത്തിൽ

ഉപയോഗിക്കുന്നവരുണ്ടാകും. അതുകൊണ്ട് അത്തരം നടപടികൾ ശ്രദ്ധയിൽപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ സംരംഭകരോട് വളരെ സൗഹാർദ്ദപരമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം. ഈ വലിയ നിശബ്ദ വിപ്ലവത്തിന് പ്രധാനമായും അങ്ങാണ് 2002-ൽ ഇത് ഇൻഷിയേറ്റ് ചെയ്തത്. ഇപ്പോൾ ഇതിനെ മറ്റൊരു തലത്തിലേയ്ക്ക് കൊണ്ടുവരുന്നതും അങ്ങയുടെ നേതൃത്വത്തിലാണ്. അതുകൊണ്ട് ഈ സംരംഭകരോട് കുറച്ച് മാന്യമായ ഒരു സമീപനം ഇല്ലാത്ത സ്ഥലങ്ങളിലത് ഉണ്ടാകുന്ന ഒരു സാഹചര്യം കൂടിയുണ്ടാക്കണം, അക്ഷയ ഇപ്പോഴുള്ളതിൽ നിന്നും ധാരാളം മുന്നോട്ട് പോകുകയാണ്. അതുകൊണ്ട് ഈ അക്ഷയ സംരംഭകരെ, അക്ഷയ എന്ന സംവിധാനത്തെ, മഹാപ്രസ്ഥാനത്തെ കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ തുടർചർച്ചകളും ഉണ്ടാകണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിൽ കൂടി സർക്കാരിന്റെയും സഭയുടെയും മുമ്പാകെ എനിക്ക് വയ്ക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ സിപിരിറ്റ് പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. അക്ഷയ എന്നുപറയുന്നത് നമ്മുടെ സെൽഫ് എംപ്ലോയ്മെന്റ് പദ്ധതികളിൽ ഏറ്റവും മാതൃകായോഗ്യമായി വന്ന ഒന്നാണ്. 2002-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള അന്നത്തെ ഗവൺമെന്റ് കൊണ്ടുവന്നതാണ് ഈ പരിഷ്കാരമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പരീക്ഷണമെന്നുള്ള നിലയിൽ കമ്പ്യൂട്ടർ സാക്ഷരത പ്രചരിപ്പിക്കാനാണ് തുടങ്ങിയതെങ്കിൽപ്പോലും അതിന്ന് വലിയൊരു സംഭവമായി വന്നിരിക്കുക

യാണ്. അതിനെതുടർന്നുവന്ന വർഷങ്ങളിൽ ഇന്നത്തെ മുഖ്യമന്ത്രി അന്ന് മുഖ്യമന്ത്രിയായിരിക്കുന്ന സമയത്ത് വാസ്തവത്തിൽ അക്ഷയ എന്നുപറയുന്ന ഈ ഇൻഷിയേറ്റീവിന് ഒരു അന്തർദേശീയ പരിഗണനയെന്നുള്ള നിലയിൽ അവാർഡ് തന്നെ കിട്ടുകയുണ്ടായി. ഇതിന്റെ സാദ്ധ്യത വളരെ കൂടിയിരിക്കുന്നുവെന്ന് ഇന്നിപ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഗവൺമെന്റ് സർവ്വീസുകളാണ് ഇന്ന് ഈ അക്ഷയ സെന്ററുകളിലൂടെ കൊടുക്കുന്നത്. ഇനി ഭാവിയിൽ ഗവൺമെന്റ് സർവ്വീസ് മാത്രമല്ല, എല്ലാ ഇ–ആപ്ലിക്കേഷനുകളും ഇ–കോമേഴ്സ്, അതുപോലെ തന്നെ മറ്റ് ഇ–സർവ്വിസുകൾ എന്നിങ്ങനെ എണ്ണമറ്റ, എല്ലാം ഭാവിയിൽ വന്ന് അവസാനം വരുമ്പോൾ ഇ–എഡ്യൂക്കേഷൻ അങ്ങനെ എല്ലാം ഇലക്ട്രോണിക് (ഇ) ആയി മാറും. അതുകൊണ്ടുതന്നെ ഇതിന്റെ ട്രാൻസ്ഫോമേഷൻ വരുന്ന സമയത്ത് എല്ലാ പേർക്കും കണക്ടിവിറ്റിയും എല്ലാപേർക്കും കമ്പ്യൂട്ടറും നമ്മുടെ സംസ്ഥാനത്ത് ഒരുപക്ഷെ സാധിക്കുകയില്ല. കാരണം അഫോർഡ് ചെയ്യാൻ പറ്റുകയില്ല. അങ്ങനെ വരുമ്പോൾ ഗ്രാമങ്ങളിൽ ഈ അക്ഷയാ സെന്ററുകൾ എന്നുപറയുന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പാവപ്പെട്ടവന്റെ ഹോം കണക്ടിവിറ്റിയും അവരുടെ കമ്പ്യൂട്ടറുമാണ്. അപ്പോൾ അതുകൊണ്ടുതന്നെ ഈ അക്ഷയ സെന്ററുകൾ വലിയ പൊട്ടെൻഷ്യലുകളുണ്ട്. പഴയതുപോലെയല്ല, ഇപ്പോൾ കൊടുക്കുന്നത് ഗവൺമെന്റ് സർവ്വീസാണ്, ഉത്തരവാദിത്വം വേണം അതുകൊണ്ട് ഒരു എഗ്രിമെന്റ് വേണമെന്നൊക്കെ ഐ.ടി. മിഷനും, ഐ.ടി. ഡയറക്ടറും ആലോചിച്ചത് ആ സാഹചര്യത്തിലാണ്. എഗ്രിമെന്റ് അക്ഷയ സെന്ററുകൾക്കൊരു പാരയായി വരാൻ ഒരിക്കലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗവൺമെന്റ് സമ്മതിക്കുകയില്ല, ആ എഗ്രിമെന്റ് ഈ സെൽഫ്

എംപ്ലോയർക്ക്, സെൽഫ് എംപ്ലോയ്മെന്റ് എന്നുപറഞ്ഞാൽതന്നെ ഏറ്റവും വലിയൊരു ആശയമാണ്. അത്തരത്തിലുള്ള സ്വയംമുടക്കി സ്വയം വരുമാന മുണ്ടാക്കുന്ന വിഭാഗം എന്നുള്ള നിലയിൽ അവർക്ക് 2002–ൽ ഗവൺമെന്റ് ഒരുപാട് സപ്പോർട്ട് കൊടുത്തിരുന്നു. അന്നൊരുപാട് ഫ്രീ സപ്പോർട്ട് കൊടു ത്താണ് ഇത് ഉണ്ടാക്കിക്കൊണ്ടുവന്നത്. ഇപ്പോൾ അതെല്ലാം നിറുത്തി ഇനി അവർ അവരുടെ കാര്യംനോക്കട്ടെയെന്നുള്ള ഒരു സമീപനം ഗവൺമെന്റ് എടുക്കില്ല. ധാരാളം കാര്യങ്ങൾ ഇനിയും അവരുടെ മുമ്പിൽ വരാനുണ്ട്. അതുകൊണ്ട് ഗവൺമെന്റ് തുടർന്നും സപ്പോർട്ട് കൊടുക്കും. ഈ പറഞ്ഞതു പോലുള്ള വ്യവസ്ഥകളൊക്കെ എഗ്രിമെന്റിൽ നിന്ന് മാറ്റികൊടുത്തുകൊ ള്ളാം. അതുപോലെതന്നെ സ്പെയ്സുണ്ടാകണമെന്നുള്ളത് പൊതുജനങ്ങളു ടേയും കൂടി താല്പര്യമാണ്. ഒരുപാട് ആളുകളാണ് ഇപ്പോൾ അക്ഷയ സെന്റ റുകളിൽ വരുന്നത്. അപ്പോൾ അവിടെ സ്പെയ്സുണ്ടാകണം. പക്ഷെ അവർക്ക് അഫോർഡ് ചെയ്യാൻ കഴിയാത്ത രീതിയിൽ പെട്ടന്ന് സ്പെയ്സ് വേണമെന്ന കർക്കശ നിലപാട് ഉദ്യോഗസ്ഥന്മാരെടുക്കുകയില്ല. അത് ഞാനുറ പ്പുവരുത്താം. ഇത് ഇന്നലേയും ഞാൻ നിയമസഭയിൽ പറഞ്ഞിരുന്നു. ഒരുഭാഗത്ത് ഈ കാര്യത്തിൽ വളരെ ഫ്ളക്സിബിളായിട്ടുള്ള ഒരു സമീപന മെടുക്കുന്നതാണ്. മറുഭാഗത്ത് അക്ഷയ സെന്ററിന് വളരെ സൗകര്യങ്ങളും മറ്റുകാര്യങ്ങളുമൊക്കെ കൊടുത്ത് ഒരു ഗ്രാമത്തിന്റെ പ്രസ്റ്റീജ് സെന്ററാക്കി മാറ്റുന്നതിന് ഗവൺമെന്റിന് എന്തൊക്കെ സപ്പോർട്ട് കൊടുക്കാൻ കഴിയു മെന്ന് നോക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇന്ന് കാലത്ത് എന്നോട് ഇതിനെ ക്കുറിച്ച് സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമൊക്കെയായി ആലോചിച്ച് അക്ഷയ സെന്ററുകൾക്ക്, അക്ഷയാ എന്റർപ്രണേഴ്സിന് കുറച്ചു കൂടി ഗവൺമെന്റ് ആനുകൂല്യവും സപ്പോർട്ടുമൊക്കെ കൊടുക്കണമെന്ന്

പറഞ്ഞിരുന്നു. ഗവൺമെന്റ് അത് വളരെ സീരിയസ്സായി ആലോചിക്കാം. ഇന്നലെ അവരുമായി ചർച്ച നടത്തിയിരുന്നു. അതിന്റെ റിസൽറ്റ് എന്താണെന്ന് എനിക്കറിയില്ല. ഐ.ടി. സെക്രട്ടറിമാരുമൊക്കെയായി ആലോചിച്ച് അക്ഷയാ സെന്ററുകളെ അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുമ്പോൾ എന്റർപ്രണേഴ്സിന്റെ ബുദ്ധിമുട്ടുംകൂടി ആലോചിച്ചേ പോകുകയുള്ളൂ എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, സ്പെയ്സിന്റെ കാര്യത്തിൽ, അക്ഷയ സെന്ററുകൾ പുതുതായി കൊടുക്കുന്നവർക്ക് ഈ പറയുന്ന എഗ്രിമെന്റിന്റെ വ്യവസ്ഥിയിലുള്ള സ്പെയ്സിലേക്ക് പോകാം. പക്ഷെ നിലവിലുള്ളവർക്ക് പെട്ടന്ന് സ്പെയ്സ് കണ്ടെത്താനൊരു പ്രയാസമുണ്ട്. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ സ്പെയ്സ് കൂട്ടാനൊരു ബുദ്ധിമുട്ടുണ്ട്. പലപ്പോഴും ഐ.ടി. മിഷനിലും അക്ഷയയിലും വരുന്ന ഇവരുടെ പ്രതിഫലം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നു. റെമ്യൂണറേഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി അങ്ങയുടെ വകുപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സ്പെയ്സ് കൂട്ടണമെന്നുള്ളത് സംബന്ധിച്ച് പെട്ടന്നൊരു തീരുമാനമെടുക്കുകയില്ല. അതിനൊക്കെ സമയം കൊടുത്ത് സൗകര്യംപോലെ അവരുടേയും കൂടി ബുദ്ധിമുട്ട് ആലോചിച്ചേ ചെയ്യുകയുള്ളൂ. രണ്ടാമത് പറഞ്ഞതിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു, അക്ഷയ സെന്ററുകൾക്ക് കൂടുതൽ എന്ത് ആനുകൂല്യം കൊടുക്കാൻ കഴിയും എന്നുള്ളത് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും.

## (2) സൗജന്യ റേഷനും സാമ്പത്തിക സഹായവും

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ അതിരൂക്ഷമായ കാലവർഷക്കെടുതികൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ് കേരളത്തിൽ അതിവർഷം തുടങ്ങാൻ പോകുന്നുവെന്നാണ് ഇന്നത്തെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നുള്ള മുന്നറിയിപ്പ്. വരും ദിവസങ്ങളിൽ അത് രൂക്ഷമാകാൻ പോവുകയാണ്. ഇതുവരെ കാലവർഷക്കെടുതികളിൽ നൂറുകണക്കിന് വീടുകളും ആയിരക്കണക്കിന് കർഷകരുടെ കാർഷിക ഉത്പന്നങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. കർഷകർ അതീവ ഗുരുതരമായ ദുരിതങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. കാർഷിക മേഖല തകർച്ചയിലാണ്. അതോടൊപ്പം തന്നെ കേരളത്തിന്റെ തീരപ്രദേശങ്ങളായ കൊല്ലം, വടകര, ഇരവിപുരം, ചേർത്തല, കരുനാഗപ്പള്ളി, അമ്പലപ്പുഴ, മാരാരിക്കുളം, കോവളം, തിരുവനന്തപുരം, കൊടുങ്ങല്ലൂർ, കയ്പമംഗലം, പൊന്നാനി, ഗുരുവായൂർ, മണലൂർ, നാട്ടിക തുടങ്ങിയ തീരപ്രദേശങ്ങളിലെല്ലാം തന്നെ കൊടുംപട്ടിണിയാണ്. ഈ നിയമസഭയിലെ ധാരാളം എം.എൽ.എ.മാർ തീരപ്രദേശവുമായി ബന്ധപ്പെട്ടവരാണ്. ഈ തീരപ്രദേശങ്ങളിലുള്ളവർക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല. അവർക്ക് യാതൊരാനുകൂല്യങ്ങളും കിട്ടുന്നില്ല. അവരുടെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരമില്ല, വെളിച്ചമില്ല, കുടിവെള്ളം കിട്ടുന്നില്ല. ദുസ്സഹമായ രീതിയിൽ ഈ പാവപ്പെട്ട ആളുകളെകൊണ്ടുവന്ന് ഏതെങ്കിലും അടഞ്ഞുകിടക്കുന്ന ചോർച്ചയുള്ള പള്ളിക്കൂടങ്ങളിലെ വരാന്തയിൽ പാർപ്പിച്ചിരിക്കുകയാണ്. അവിടെ തിരിഞ്ഞുനോക്കാൻ ആളില്ല. തലസ്ഥാന നഗരിയിലെ ഒരു വിഷയം ഇവിടെ നിയമസഭയിൽ

ഉന്നയിച്ചതാണ്. വലിയതുറയിൽ ദുരിതാശ്വാസകേന്ദ്രത്തിലെ ആളുകൾക്ക് കൊടുത്തത് പുഴുനിറഞ്ഞ ഭക്ഷണമായിരുന്നു. ഇത് അപമാനകരമല്ലേ? ഇവിടെ ജില്ലാ ഭരണാധികാരികളുണ്ട്, മറ്റെല്ലാ സംവിധാനങ്ങളുമുണ്ട്. ഒരുഭാഗത്ത് പനിപിടിച്ച് ആളുകൾ മരിച്ചുവീഴുന്നു. കൂലിപ്പണിക്കാർക്ക് തൊഴിലിനു പോകാൻ കഴിയുന്നില്ല. മുമ്പേ മണ്ണെണ്ണ കിട്ടാത്തതുകാരണം മത്സ്യബന്ധനത്തിനുപോകാൻ കഴിയുന്നില്ല, ഇപ്പോൾ മഴയുംകൂടെയായി. കടൽക്കയറ്റമെന്നുപറയുന്നത് അനിയന്ത്രിതമായിരിക്കുകയാണ്. കടലാക്രമണം തടയാൻ പുലിമുട്ട് ഇടുമെന്നു പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടുവർഷമായിട്ടും ഒരു തീരപ്രദേശത്തും ഒരു പുലിമുട്ടും ഇട്ടില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ശക്തമായ മുൻകരുതൽ നടപടികളെടുക്കേണ്ടതാണ്. ഇവിടെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉറക്കമാണ്. ഇത്രയും കൊടുംഭീകരമായ അന്തരീക്ഷം ഉണ്ടായിട്ടും disaster management department എന്താണ് ചെയ്യുന്നതെന്ന് ആർക്കുമറിയില്ല. ആരാണ് ഈ പാവപ്പെട്ട ആളുകളെ സഹായിക്കാനെത്തുന്നത്? കഴിഞ്ഞ കാലങ്ങളിൽ എല്ലാ ഗവൺമെന്റും ഇതുപോലെയൊരു ദുരവസ്ഥ വരുമ്പോൾ ഇവർക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുമായിരുന്നു. ഈ തീരപ്രദേശത്തെങ്കിലും സൗജന്യ റേഷൻ വിതരണം ചെയ്യാൻ യാതൊരു നടപടിയുമില്ല. ഇവർക്ക് സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതാണ്. ഇങ്ങനെയൊരു കാലാവസ്ഥ വളരെ അപൂർവ്വമാണ്. ഇതിനാവശ്യമായ കേന്ദ്ര സഹായം അഭ്യർത്ഥിക്കാനും കേന്ദ്രത്തിൽ കേരളത്തിന്റെ ഇന്നത്തെ ദാരുണമായ അവസ്ഥ ബോധ്യപ്പെടുത്താനും കേന്ദ്രത്തിലെ 8 മന്ത്രിമാർ ശ്രമിച്ചിട്ടുണ്ടോ? അതിൽ രണ്ടാമനുമുണ്ട്. പ്രത്യേകമായ എന്തെങ്കിലും ഒരു പരിഗണന ഈ കാലാവസ്ഥയിൽ കേരള

ത്തിന് നേടിയെടുക്കാൻ അങ്ങയുടെ മന്ത്രിസഭയ്ക്കു കഴിയും. ഇവിടെയുള്ളത് എൽ.ഡി.എഫ്. ന്റെ മന്ത്രിസഭയല്ല, യു.ഡി.എഫ്.–ന്റെ മന്ത്രി സഭയാണ്. യു.ഡി.എഫ്.–ന്റെ മന്ത്രിസഭയിലെങ്കിലും വ്യത്യസ്തമായ ഒരു സമീപനം കേന്ദ്രത്തിൽ നിന്നും ഉണ്ടാകണം ഉണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടിയെടുക്കണം. ജില്ലാ ഭരണ കേന്ദ്രമായ കളക്ടറേറ്റുകൾ ഇവിടെ എന്താണ് ചെയ്യുന്നത്? ഇതുപോലെ യൊരു കാലാവസ്ഥയിൽ ജനങ്ങളെ സഹായിക്കാൻ ഒന്നാന്തരമായ ഷെൽറ്റർ കണ്ടുപിടിക്കുക, അവർക്ക് ആഹാരം കൊടുക്കുക, അവിടെ കുടിവെള്ളമെ ത്തിക്കുക, അവർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കുക തുടങ്ങിയവ യൊന്നും ചെയ്യുന്നില്ല. മഴകാരണം വീടൊക്കെ നഷ്ടപ്പെട്ട് കുട്ടികളും വീട്ടു സാധനങ്ങളും പ്രമാണങ്ങളുമൊക്കെയായി ആളുകൾ സ്കൂളുകളിൽ പോയി കയറുകയാണ്. ഇവരുടെയൊക്കെ റേഷൻകാർഡുകൾ ഒരുപാട് നഷ്ടപ്പെട്ടി ട്ടുണ്ട്. ഇനിയിപ്പോൾ പുതിയ റേഷൻ കാർഡുകൾ കൊടുക്കേണ്ടിവരും. ഈ കാലാവസ്ഥ ഇങ്ങനെ തുടരുകയാണെങ്കിൽ കേരളത്തിൽ പഴയതു പോലെ ചില കേന്ദ്രങ്ങളിൽ ഉരുൾപൊട്ടൽവരെ സംഭവിക്കാനിടയുണ്ട്. നിയമ സഭയിൽ ഇതുന്നയിക്കുന്നത് ഏതെങ്കിലുമൊരു മണ്ഡലത്തിന്റെ കാര്യത്തിനു വേണ്ടിയല്ല. കേരളത്തിന്റെ ഗുരുതരമായ ഈ അവസ്ഥയ്ക്ക് ശക്തമായ മുൻകരുതലെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയ്യെടുക്കണം. ഇത് കണ്ടില്ലായെന്ന് നടിക്കരുത്. മഴയ്ക്ക് ഒരു നിയന്ത്രണവുമില്ല. എന്തും സംഭവിക്കുന്ന രീതിയിലാണ് കാലാവസ്ഥ തുടരുന്നത്. തീരപ്രദേശങ്ങളിൽ സഞ്ചരിക്കാൻ നിവർത്തിയില്ല. അങ്ങയുടെ മണ്ഡലത്തിന് വലിയ കുഴപ്പമില്ല അതുകൊണ്ടാണ് അങ്ങ് മിണ്ടാതിരിക്കുന്നത്. ബാക്കി എല്ലാ മണ്ഡലങ്ങളും കുഴപ്പത്തിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, ഒരു കാര്യം ചെയർ പറഞ്ഞോട്ടെ. ഇന്നലെ സഭ തീർന്നത് എത്രമണിക്കാണെന്ന് എല്ലാ പേർക്കുമറിയാം. രണ്ടുഭാഗത്തുള്ളവരും അസ്വസ്ഥരായി. ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ ആവശ്യപ്പെട്ടിരിക്കുന്നത് സമയം നിയന്ത്രിക്കണം, നിയന്ത്രിക്കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകരുത് എന്നാണ്. അതുകൊണ്ട് ദയവുചെയ്ത് സംസാരിക്കുമ്പോൾ ചുരുക്കി കാര്യങ്ങൾ അവതരിപ്പിക്കണം. സാധാരണ ശ്രദ്ധക്ഷണിക്കലിന് 5 മിനിറ്റാണ് പരമാവധി നൽകാറുള്ളത്. ഇപ്പോൾതന്നെ 6 മിനിറ്റായി. ദയവ് ചെയ്ത് ചുരുക്കണം.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ നിറുത്താം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാനും, ദുരിതാശ്വാസ ക്യാമ്പുകൾ കാര്യക്ഷമമാക്കാനും, അവർക്ക് സൗജന്യ റേഷൻ കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വരൾച്ചയുടെ രൂക്ഷതയിൽ നിന്ന് വളരെപ്പെട്ടെന്ന് നമ്മളിപ്പോൾ എത്തിയിരിക്കുന്നത് മൺസൂൺ ദുരന്തങ്ങളിലേക്കാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ, തീരപ്രദേശങ്ങളിൽ വളരെയേറെ പ്രശ്നങ്ങളുണ്ട്. കടൽ കരയിലേക്ക് കയറി ചില വീടുകൾ നഷ്ടപ്പെട്ടു, ചിലത് ഭീഷണിയുടെ വക്കത്താണ്. അടിയന്തരമായി അവിടെ കല്ലുകളിട്ട് പ്രൊട്ടക്ട് ചെയ്യാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. അതുപോലെതന്നെ മാറ്റിത്താമസിപ്പിക്കേണ്ട വീട്ടുകാരുണ്ട്, അവരെ മാറ്റിത്താമസിപ്പിക്കാനും പ്രത്യേക ക്യാമ്പുകൾ തുറക്കാനും തീരുമാനമായിട്ടുണ്ട്. 07-06-2013-ൽത്തന്നെ ജില്ലാ

കളക്ടർമാർക്ക് 50 ലക്ഷം രൂപ വീതം അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ കൊടുത്തിട്ടുണ്ട്. അതിനുപുറമേ കൂടുതൽ ആവശ്യമായി വരുന്നത് അപ്പപ്പോൾത്തന്നെ ഗവൺമെന്റിനെ അറിയിക്കാനാണ് പറഞ്ഞിട്ടുള്ളത്. ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റ്, സെസ്സ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ആഭ്യന്തര വകുപ്പ് തുടങ്ങിയവയുടെയെല്ലാം ഒരുമിച്ചുള്ള യോഗം കൂടി. അതിനുപുറമേ, തദ്ദേശസ്വയംഭരണ സെക്രട്ടറിമാരോട് പഞ്ചായത്ത് തലത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ രീതിയിലുള്ള സൗജന്യ റേഷന്റെയും മറ്റ് ആശ്വാസ പ്രവർത്തനങ്ങളുടെയും കാര്യത്തിൽ കളക്ടർമാരുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം അടിയന്തരമായി തീരുമാനമെടുക്കും.

ശ്രീ. സി. ദിവാകരൻ: സർ, ഗുരുതരമായ ഈ അവസ്ഥ ഗവൺമെന്റ് പരിഗണിക്കുന്നതിൽ സന്തോഷമുണ്ട്. ഒരു സർവ്വകക്ഷി യോഗം അടിയന്തരമായി വിളിച്ച് എന്തെല്ലാമാണ് സ്ഥിതിഗതികളെന്നുള്ളതിന്റെ അഭിപ്രായം ആരാഞ്ഞാൽ ഗവൺമെന്റിനും മറ്റെല്ലാവർക്കും സഹായകരമായിരിക്കും. അതിനാൽ സർവ്വകക്ഷി യോഗം വിളിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സർവ്വകക്ഷി യോഗം വിളിക്കുന്നതിനേക്കാൾ എം.എൽ.എ.-മാരെക്കൂടി വിളിച്ചുകൊണ്ട് പ്രാദേശിക തലങ്ങളിൽ യോഗം കൂടുന്നതല്ലേ കുറച്ചുകൂടി എഫക്ടീവ്. കാരണം, ഓരോ സ്ഥലത്തെയും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ചില സ്ഥലങ്ങളിൽ ഭൂമി ഇടിഞ്ഞുപോകുന്നു,

ചില സ്ഥലങ്ങളിൽ വീട് നഷ്ടപ്പെടുന്നു, ചില സ്ഥലങ്ങളിൽ ആളുകളെ മാറ്റി ത്താമസിപ്പിക്കണം, ചില സ്ഥലങ്ങളിൽ കൃഷി നാശം, മറ്റുചില സ്ഥലങ്ങളിൽ ജോലിക്ക് പോകാൻ കഴിയാത്തതുകൊണ്ട് പട്ടിണി – അവിടെ സൗജന്യ റേഷൻ. അങ്ങനെ പല വിധത്തിലുള്ള പ്രശ്നങ്ങൾ നിലവിലുണ്ടെന്നാണ് ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ പത്ത് ദിവസത്തിനുള്ളിൽ പല കളക്ടർമാർക്കും ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഏതായിരുന്നാലും ഇന്ന് വീണ്ടും തീരദേശത്തെ കളക്ടർമാരെ കോൺടാക്ട് ചെയ്തതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെ ടുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

(സബ്മിഷൻസ്)